**പതിനാലാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1830 — **05.10.2016**-ലെ മറുപടിക്ക്

<u>പട്ടികജാതി പട്ടികവർഗ്ഗ കോളനികളുടെ നവീകരണം</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.കെ.ബി.ഗണേഷ് കുമാർ** | | **ശ്രീ. എ.കെ.ബാലൻ (പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായ ക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ കോളനി നവീകരണത്തിനായി ഫണ്ട് അനുവദിച്ചിട്ടും പല കോളനികളിലും നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയാകാതെ മുടങ്ങിക്കിടക്കുന്ന അവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സ്വയംപര്യാപ്ത ഗ്രാമം പദ്ധതി നടപ്പിലാക്കാൻ തെരഞ്ഞെടുത്ത സർക്കാർ ഏജൻസികളുടെ തനത് മനുഷ്യവിഭവശേഷിക്കുറവ്, കമ്മ്യൂണിറ്റി ഹാൾ മുതലായവയ്ക്ക് കോളനികളിലെ സ്ഥല ലഭ്യതക്കുറവ്, കോളനിക്കാരുടെ ആവശ്യ പ്രകാരം എസ്റ്റിമേറ്റിൽ വരുന്ന നിരന്തര മാറ്റങ്ങൾ തുടങ്ങിയവ കാരണമാണ് കോളനികളുടെ നവീകരണ പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ സാധിക്കാത്തത്. പട്ടികജാതി വികസന വകുപ്പിന്റെ സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിൽ 216 സങ്കേതങ്ങൾ തെരഞ്ഞെടുത്തതിൽ 37 എണ്ണത്തിൽ മാത്രമേ പ്രവൃത്തികൾ പൂർത്തിയായിട്ടുള്ളൂ. പട്ടികവർഗ്ഗ വികസന വകുപ്പിന്റെ എ.ടി.എസ്.പി, ഹാംലറ്റ് വികസന പദ്ധതി എന്നിവയിൽ 90 സങ്കേതങ്ങൾ തെരഞ്ഞെടുത്തതിൽ 4 എണ്ണം അന്തിമ ഘട്ടത്തിലാണ്. |
| (ബി) | ഇത്തരം കോളനികളുടെ നവീകരണം പൂർത്തിയാക്കുന്നതിനായി എന്തെങ്കിലും നടപടി ആലോചനയിലുണ്ടോയെന്ന് വ്യക്തമാക്കാമോ; | (ബി) | കോളനികളുടെ നവീകരണം പൂർത്തിയാക്കുന്നതിന് ബന്ധപ്പെട്ട ഏജൻസികൾക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഫണ്ട് അനുവദിക്കപ്പെട്ടിട്ടും അഴിമതിയും ദുർവ്യയവും കാരണം നിർമ്മാണം തടസ്സപ്പെട്ടിരിക്കുന്ന സ്ഥലങ്ങളിൽ കുറ്റക്കാരെ കണ്ടെത്താനും അർഹമായ ശിക്ഷാ നടപടി കൈക്കൊള്ളാനും നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (സി) | ഇക്കാര്യം പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ